കൊണ്ടും ലഭിക്കാത്ത രോഗമോചനം ഈ ഔഷധംകൊണ്ടു രോഗികൾക്കു നൽകാൻ ഞങ്ങൾക്കു കഴിഞ്ഞു' എന്ന് അദ്ദേഹം അവകാശപ്പെട്ടു.

പടിഞ്ഞാറേ ജർമനിയിൽ ഇനിയും 'ലിവ്–52' ഉണ്ടാക്കാൻ ലൈസൻസ് നൽകിയിട്ടില്ല. ഈ ഔഷധംകൊണ്ടു കൂടുതൽ പരീക്ഷണങ്ങൾ നടത്തേണ്ടതുണ്ട് എന്നാണ് ബർലിനിലെ കേന്ദ്ര ആരോഗ്യവകുപ്പു കരുതുന്നതു്. എന്നാൽ, സ്വിറ്റ്സർലൻഡിൽ അധികൃതർ 'ലിവ്–52' നിർമിക്കുന്നതിനുള്ള ലൈസൻസ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

'പാശ്ചാത്യ വൈദ്യസമ്പ്രദായമനുസരിച്ച് തൃപ്തികരമായി ചികിത്സിക്കാൻ കഴിയാത്ത ദീർഘകാല രോഗങ്ങൾ ശമിപ്പിക്കുന്നതിന് ആയുർവേദം മുതലായ പാരമ്പര്യ വൈദ്യശാസ്ത്രങ്ങൾക്കുള്ള കഴിവു തെളിയിക്കുന്നതിലാണ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു്'' എന്നു ഡോക്ടർ ക്രിസ്റ്റോഫ് ഫോൺ കോയ്ഡെൽ സമ്മേളനത്തിൽ പറഞ്ഞു. ഏഷ്യൻ ചികിത്സാമുറകൾ യൂറോപ്പിൽ നടപ്പിലാക്കുന്നതിൽ പ്രയാസങ്ങൾ ഉണ്ടാവാം. 'കുഷ്ഠം, മലമ്പനി, കുട്ടികളുടെ അതിസാരം, മുപ്പെത്തുംമുമ്പുള്ള പ്രസവം തുടങ്ങി വളരെക്കുറച്ച് അസ്വാസ്ഥ്യങ്ങൾ മാത്രമേ യൂറോപ്പിലും ഏഷ്യയിലും പൊതുവായി കാണപ്പെടുന്നുള്ളു' എന്ന് ഡോക്ടർ പാൾ ഉൺഷുൾഡ് പ്രസ്താവിച്ചു. 'ആധുനിക പരിഷ്കാരത്തിന്റെ സവിശേഷതകളായ ആധുനിക രോഗങ്ങൾക്കു പററാത്ത രോഗനിർണയസമ്പ്രദായങ്ങളാണ് ചൈനീസ് വൈദ്യശാസ്ത്രത്തിനും ആയുർവേദത്തിനും ആധാരം. കരളിൽ 'യിൻ' എന്ന നിഷ്ക്രിയ—സ്ത്രീ—ശക്തിയുടെ കുറവു കൊണ്ട് ഉണ്ടാവുന്നതെന്നു വിശ്വസിക്കപ്പെടുന്ന രോഗങ്ങൾക്കു ചൈനക്കാർ വിധിക്കുന്ന ഔഷധം, ആധുനിക വൈദ്യശാസ്ത്രപ്രകാരമുള്ള രോഗചികിത്സകളിൽ ഒരിടത്തും യോജിക്കുകയില്ല. എങ്കിലും, അറിയപ്പെടാത്ത അനുഭവങ്ങളുടെ നിധിപേടകമാണ പാരമ്പര്യവൈദ്യശാസ്ത്രം. ചൈനയിൽ 1930–നുമുമ്പു പ്രസിദ്ധപ്പെടുത്തിയ ഏഴായിരം വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ രണ്ടെണ്ണം മാത്രമേ പാശ്ചാത്യഭാഷകളിൽ ഗൗരവബോധത്തോടെ വിവർത്തനം ചെയ്തിട്ടുള്ളു.

ശുദ്ധമായ ഒരു ആയുർവേദ–ഔഷധമല്ല 'ലിവ്–52.' അതു് അല്ലോപ്പതി ഔഷധങ്ങളുടെ മാതൃകയിൽ തയ്യാറാക്കപ്പെടുന്നതാണ്. ശരിയായ ആയുർവേദ ഔഷധങ്ങൾ—കഷായങ്ങളും ഘൃതങ്ങളും ആസവാരിഷ്ടങ്ങളും ചൂർണങ്ങളും—ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ നടത്തുവാൻ ഇൻടർമെഡ്പോലെയുള്ള സംഘടനകളെ ഇന്ത്യാഗവണ്മെന്റ് പ്രേരിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ, ഇന്ത്യയിൽ എന്തുകൊണ്ട് ഇത്തരം പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല? സ്വാഭാവികമായും ഇവിടെനിന്നു തുടങ്ങേണ്ടവയല്ലേ ഈ പരീക്ഷണങ്ങൾ?

(2 ഓഗസ്റ്റ് 1987)

## 63. പാതിരിയമ്മ

പാതിരിയച്ചന്മാരെ നമുക്കെല്ലാം അറിയാം. 'പാതിരിയമ്മ'മാരെ ഇന്നോളം ആരും കണ്ടിരിക്കയില്ല. ക്രിസ്തുമതത്തിനകത്ത് എത്രയോ അവാന്തരവിഭാഗങ്ങൾ ഉണ്ട്. സിദ്ധാന്തത്തിലും പ്രയോഗത്തിലും തമ്മിൽത്തമ്മിൽ ഒട്ടധികം വ്യത്യാസങ്ങൾ ഇവ പുലർത്തിപ്പോരുന്നു. എങ്കിലും ഒരു കാര്യത്തിൽ ഈ മതവിഭാഗങ്ങൾ എല്ലാം യോജിക്കുന്നു. പൗരോഹിത്യം പുരുഷന്മാർക്കുള്ളതാണ്; സ്ത്രീകൾക്ക് അതു് വിധിച്ചിട്ടില്ല.

ഈ ദീർഘകാലപാരമ്പര്യം ഇപ്പോൾ ഭഞ്ജിക്കപ്പെട്ടിരിക്കുന്നു. പ്രോട്ടസ്റ്റൻറ് വിഭാഗത്തിലെ ക്രൈസ്തവമതസംഘടനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നായ ഇംഗ്ലണ്ടിലെ ചർച്ച് (ചർച്ച് ഓഫ് ഇംഗ്ലണ്ട്) സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു. 1987 ഫെബ്രുവരി 26-ാം തീയതി ലണ്ടനിൽ വെസ്റ്റ്മിൻസ്റ്ററിലെ ചർച്ച് ഹൗസിൽ ചേർന്ന ഒരു സൂനഹദോസ് (സിനഡ്) ആണ് ചരിത്രപ്രാധാന്യമുള്ള ഈ തീരുമാനം കൈക്കൊണ്ടത്. മെത്രാന്മാരും അച്ചന്മാരും അൽമായക്കാരും അംഗങ്ങളായുള്ള ഈ സൂനഹദോസ് അഞ്ചര മണിക്കൂർ നേരം ഈ പ്രശ്നം ചർച്ചചെയ്തു. ഒടുവിൽ പ്രമേയം വോട്ടിനിട്ടപ്പോൾ, സ്ത്രീകൾക്ക് പൗരോഹിത്യംകൊടുക്കുന്നതിന് അനുകൂലമായി മുന്നൂറ്റിപ്പതിനേഴുപേർ വോട്ടുചെയ്തു; എതിരായി നൂറ്റിനാല്പത്തഞ്ചുപേരും. രണ്ടുപേർ വോട്ടുചെയ്യാതെ നിഷ്പക്ഷത പുലർത്തി. സൂനഹദോസിൽ പങ്കെടുത്ത മെത്രാന്മാരിൽ മുപ്പത്തിരണ്ടുപേർ സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്നതിനെ അനുകൂലിച്ചു. എട്ടു മെത്രാന്മാർ അതിനെതിരായിരുന്നു. അച്ചന്മാരിൽ നൂറ്റിമുപ്പത്തഞ്ചുപേർ സ്ത്രീപൗരോഹിത്യത്തിന് അനുകൂലമായും എഴുപതുപേർ അതിനു പ്രതികൂലമായും വോട്ടു നല്കി. അൽമായക്കാരിൽ നൂറ്റമ്പതുപേർ സ്ത്രീകളെ പൗരോഹിത്യത്തിലേക്കു സ്വാഗതംചെയ്തു; അറുപത്തേഴുപേർ അതിൽ എതിർപ്പു പ്രകടിപ്പിച്ചു. അങ്ങനെ സ്ത്രീകൾക്കു പൗരോഹിത്യം നൽകാമോ എന്ന, നാല്പതു വർഷങ്ങളായി ചർച്ചചെയ്യപ്പെട്ടുവരുന്ന പ്രശ്നത്തിൽ ഇംഗ്ലണ്ടിലെ ചർച്ച് അന്തിമമായ ഒരു തീരുമാനത്തിലെത്തി.

ഇതോടെ, 'പാതിരിയമ്മ'മാരെ കാണാനുള്ള അവസരം നമുക്കു കൈവന്നിരിക്കുന്നു.

ലണ്ടൻ സൂനഹദോസിൻെറ തീരുമാനം ഉടൻ നടപ്പിൽവരുകയില്ല. സ്ത്രീകൾക്ക് ബ്രിട്ടനിൽ പൗരോഹിത്യം നൽകിത്തുടങ്ങുംമുമ്പ് നിയമപരമായ പല നടപടികളും കൈക്കൊള്ളേണ്ടതുണ്ട്. ഇതു സംബന്ധിച്ച് പാർലമെൻറിൽ ചില ചട്ടങ്ങൾ അവതരിപ്പിച്ചു പാസ്സാക്കിയെടുക്കണം. ഇതൊക്കെക്കഴിഞ്ഞ് 1992-ാമാണ്ട് ജൂലൈ മാസമാവുമ്പോഴേക്ക്, ഇംഗ്ളണ്ടിലെ ചർച്ചിൻെറ കീഴിലുള്ള ഏതെങ്കിലുമൊരു പള്ളിയിൽ ആദ്യത്തെ പാതിരിയമ്മ കർബാന ചൊല്ലിത്തുടങ്ങുമെന്ന ആശ, ആ ചർച്ചിൻെറ ആദ്ധ്യാത്മിക നേതാവായ കാൻറർബറി ആർച്ച് ബിഷപ്പ്, വന്ദ്യ ശ്രീ റോബർട്ട് റൺസി, അസോസ്യേററഡ് പ്രസ്സ് എന്ന വാർത്താസംഘടനയുടെ പ്രതിനിധിയോടു പ്രകടിപ്പിച്ചു.

സ്ത്രീകൾക്ക് പൗരോഹിത്യം നൽകണമെന്ന് ലണ്ടൻ സൂനഹദോസിൽ വാചാലമായി വാദിച്ച സിസ്റ്റർ കരോൾ എന്ന ആംഗ്ളിക്കൻ കന്യാസ്ത്രീ ചോദിച്ചുവത്രേ: 'സമൂഹത്തിൽ എനിക്കു നിവർന്നുനടക്കാം; പള്ളിയിൽ ഞാനെന്തിനു കുനിഞ്ഞുനടക്കണം?' പക്ഷേ, സ്ത്രീകൾ പുരോഹിതകളായി വന്നാൽ 'ഇംഗ്ളണ്ടിലെ ചർച്ച്' വിട്ട് താനൊരു പുതിയ മതവിഭാഗം സ്ഥാപിക്കുമെന്ന് ബ്രിട്ടീഷ് പാർലമെൻറിലെ ഒരംഗം ഇതിനകം ഭീഷണിപ്പെടുത്തിയിട്ടുണ്ട്.

നാലായിരം ആളുകൾ അംഗങ്ങളായുള്ള ഒരു സംഘടന ഏറെ കാലമായി ബ്രിട്ടനിൽ സ്ത്രീകളുടെ പൗരോഹിത്യാവകാശം അനുവദിച്ചുകിട്ടുന്നതിനുവേണ്ടി പ്രചാരവേല ചെയ്തുവരുന്നുണ്ട്. സൂനഹദോസിൻെറ തീരുമാനത്തെ അവർ അത്യന്തം ആഹ്ലാദത്തോടെ സ്വീകരിച്ചുവെങ്കിൽ, അതിൽ ആശ്ചര്യമില്ല. സ്ത്രീകൾക്ക് പൗരോഹിത്യം നൽകുകയെന്നത് 'പള്ളി കൈക്കൊള്ളുന്ന ധീരമായ ഒരു നടപടി'യാണെന്ന് കാൻറർബറി ആർച്ച് ബിഷപ്പ് പ്രസ്താവിച്ചിട്ടുണ്ട്.

എങ്കിലും ഒരു സ്ത്രീ കാർമികത്വം വഹിച്ച് നടത്തുന്ന കുർബാനയിൽ പങ്കെടുക്കാൻ മടിക്കുന്ന പലരും കാണും. സ്ത്രീകളുടെ പൗരോഹിത്യത്തെ എതിർക്കുന്ന മെത്രാന്മാർ, അച്ചന്മാർ, അൽമായക്കാർ എന്നിവരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള ഒരു നടപടിക്രമം ആവിഷ്കരിക്കാൻ നാല്പത്തിനാലു മെത്രാന്മാർ അടങ്ങിയ ഒരു സമിതിയെ ലണ്ടൻ സൂനഹദോസ് നിയമിച്ചിട്ടുണ്ട്. കുറേക്കാലത്തേക്ക്, 'പാതിരിയമ്മ' മാർ നടത്തുന്ന ശുശ്രൂഷകളിൽ പങ്കെടുക്കുന്നവരും, പാതിരിയച്ചന്മാർ നടത്തുന്ന ശുശ്രൂഷകളിൽമാത്രം പങ്കെടുക്കുന്നവരുമെന്ന് ഇംഗ്ലണ്ടിലെ അൽമായക്കാർ രണ്ടായി വേർതിരിഞ്ഞുനിന്നേക്കാം. അതുപോലെ, സ്ത്രീകളുടെ തലയിൽ കൈവെച്ച് പട്ടം കൊടുക്കുന്നതിൽ സഹകരിക്കാത്ത മെത്രാന്മാരും അവിടെ ഉണ്ടായെന്നുവരാം. ഇംഗ്ലണ്ടിലെ ചർച്ചിന്റെ അധികാരശ്രേണിയിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന ലണ്ടനിലെ മെത്രാൻ, ഡോക്ടർ ഗ്രഹാം ലിയോനാർഡ്, സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്നതിനെതിരാണ്. പതിനാറാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട ഇംഗ്ളണ്ടിലെ ചർച്ചിൽ ഭിന്നിപ്പുണ്ടാകുന്നതിന് ലണ്ടൻ സൂനഹദോസിന്റെ തീരുമാനം കാരണമായേക്കുമെന്ന ഭയം അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്നതിനെ ബൈബിൾ അനുകൂലിക്കുന്നില്ല എന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. സ്ത്രീകളുടെ പൗരോഹിത്യം എന്ന പ്രശ്നത്തിൽ ഭൂരിപക്ഷ തീരുമാനവുമായി വിയോജിക്കുന്നതിനാൽ താൻ ഇംഗ്ളണ്ടിലെ പള്ളിയിൽനിന്നു വിട്ടുപോയേക്കുമെന്ന ഭീഷണിയും അദ്ദേഹം മുഴക്കിയിട്ടുണ്ട്. ബ്രിട്ടനിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന യാഥാസ്ഥിതികകക്ഷിയുടെ മുൻ ചെയർമാൻ ആയ മി. ജോൺഗമ്മർ പറഞ്ഞു: 'പാതിരിയമ്മ'മാർ ഉള്ള ഒരു പള്ളിയിലല്ല ഞാൻ പിറന്നത്. ഞാൻ സ്നേഹിക്കുന്നതും അത്തരം ഒരു പള്ളിയെയല്ല. ഞാൻ മരിക്കുന്നത് അത്തരമൊരു പള്ളിയിലാവരുത് എന്ന ആഗ്രഹം എനിക്കുണ്ട്. ലണ്ടൻ സൂനഹദോസിന്റെ തീരുമാനം ഇംഗ്ളണ്ടിലെ പള്ളിയിൽ ഭിന്നിപ്പുണ്ടാക്കുമെന്നാണ് മി. ജോൺഗമ്മർ കരുതുന്നത്.

'പരിഭ്രമിക്കാൻ വരട്ടെ' എന്നാണ് സ്ത്രീപൗരോഹിത്യത്തിന്റെ എതിരാളികളോട് കാൻറർബറിയിലെ ആർച്ച് ബിഷപ്പും ഇംഗ്ളണ്ടിലെ ചർച്ചിന്റെ തലവനുമായ വന്ദ്യ ശ്രീ റോബർട്ട് റൺസിക്ക് പറയാനുള്ളത്. സൂനഹദോസിന്റെ സ്ഥിരം സമിതി ഈ തീരുമാനത്തെ അടിസ്ഥാനമാക്കി പ്രമേയങ്ങൾ തയ്യാറാക്കി പള്ളിസംഘടനയുടെ പല തലങ്ങളിൽ അംഗീകാരത്തിനു സമർപ്പിക്കണം. ഇതിനു കുറെ സമയംപിടിക്കും. പിന്നീട്, 1990–കളുടെ ആദ്യവർഷങ്ങളിൽ ഈ പ്രശ്നം പാർലമെൻറിൽ സമർപ്പിക്കപ്പെടും. അവിടെയും പാസ്സായി, സ്ത്രീകൾക്ക് പൗരോഹിത്യത്തിനുള്ള അനുമതി അന്തിമമായി കൈവരുന്നതിനു പിന്നെയും ഏതാനും വർഷം വേണ്ടിവരും. അതിനാൽ, സ്ത്രീപൗരോഹിത്യത്തെ എതിർക്കുന്നവർക്ക് അനന്തരനടപടികളെപ്പറ്റി സാവകാശമായി ആലോചിക്കാൻ ധാരാളം സമയം ഇനിയുമുണ്ട്.

ഇംഗ്ളണ്ടിലെ ചർച്ചുമായി ബന്ധമുള്ള പല ആംഗ്ലിക്കൻ സഭകൾ ഇന്ത്യയിലുണ്ടല്ലോ. ഈ സഭകളെ ലണ്ടൻ സൂനഹദോസിന്റെ തീരുമാനം എങ്ങനെയായിരിക്കും ബാധിക്കുക?

സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്നതിനെപ്പറ്റി, നിങ്ങൾ, സ്ത്രീകളും പുരുഷന്മാരുമായ വായനക്കാർ, സ്വന്തം നിലയിൽ എന്തു വിചാരിക്കുന്നു? ഉറക്കെ ചിന്തിക്കാമോ?

(12 ഏപ്രിൽ, 1987)